## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1027** **02-02-2026 - ൽ മറുപടിയ്ക്ക്**

## കാട്ടുപന്നികളെയും നാടൻ കുരങ്ങുകളെയും നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാട്ടുപന്നികളുടെയും നാടൻ കുരങ്ങുകളുടെയും ശല്യം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിനു ഉത്തരവ് നൽകുന്നതിനുള്ള അധികാരം 31.05.2022 -ലെ സ.ഉ. (സാധാ) നം. 239/2022/വനം പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തി നൽകിയിട്ടുണ്ട്. ടി അധികാരത്തിന്റെ കാലാവധി 28/05/2025 ലെ സ.ഉ. (കൈ) നം. 17/2025/വനം പ്രകാരം 28/05/2025 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കുകയും വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അംഗീകൃത ഷൂട്ടർമാരുടെ ലിസ്റ്റ് പഞ്ചായത്തുകൾക്കും കൈമാറിയിട്ടുണ്ട്.<br><br>മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിന് ഷൂട്ടർമാർക്കുള്ള ഓണറേറിയം 1,500/- രൂപയായും ജഡം മറവു ചെയ്യുന്നതിനുള്ള ചെലവ് 2,000/- രൂപയായും വർദ്ധിപ്പിക്കുകയും ആയത് പഞ്ചായത്തുകളുടെ SDRF ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ അനുമതി നൽകിക്കൊണ്ടും 06/03/2025-ലെ സ.ഉ.(സാധാ) നം. 108/2025/DMD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്ത-നങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച26/02/2025-ലെ സ.ഉ. (കൈ) നം. 8/2025/വനം പ്രകാരം സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളെ വിവിധോന്മുഖങ്ങളായ 10 പ്രത്യേക മിഷനുകളായി തിരിച്ച് ഓരോ മിഷനും സംസ്ഥാന / റീജിയണൽ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ മിഷനുകളിൽ കാട്ടുപന്നികളുടെ എണ്ണം നിയന്ത്രി-ക്കുന്നതിനും ജനവാസമേഖലയിലേക്ക് അവ ആകർ-ഷിക്കപ്പെടുന്നത് നിയന്ത്രിക്കുന്നതിനുമുള്ള മിഷൻ വൈൽഡ് പിഗ്, ജനവാസമേഖലകളിൽ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിനുള്ള മിഷൻ ബോണറ്റ് മക്കാക്ക് എന്നിവ ഉൾപ്പെടുന്നു.<br><br>കേരളത്തിലെ നാടൻ കുരങ്ങുകളെ ശാസ്ത്രീയമായി നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1 ൽ നിന്നും ഷെഡ്യൂൾ 2 ലേക്ക് മാറ്റുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>നാടൻ കുരങ്ങുകളുടെ ശാസ്ത്രീയ നിയന്ത്രണത്തിനായി രൂപം നൽകിയിട്ടുള്ള 'മിഷൻ ബോണറ്റ് മക്കാക്ക്' ലക്ഷ്യമിടുന്നത് നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ കാരണങ്ങളും, പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് പ്രത്യേകമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികളും ഉൾക്കൊള്ളിച്ച് വിശദമായ പഠനറിപ്പോർട്ട് തയാറാക്കി അതനുസരിച്ച് നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുക എന്നതാണ്. ആയതിനുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി, പ്രസ്തുത പ്രൊപ്പോസലിന് അന്തിമരൂപം നൽകുന്നതിനായി വിഷയത്തിലെ വിദഗ്ദ്ധരേയും വിവിധ മേഖലകളിലെ പ്രതിനിധികളേയും പങ്കെടുപ്പിച്ച് 28/05/2025 നു തിരുവനന്തപുരത്ത് വച്ച് ഒരു ശില്പശാല നടത്തിയിട്ടുണ്ട്. ശില്പശാലയിൽ ഉരുത്തിരിഞ്ഞ പൊതു നിർദ്ദേശങ്ങളും വിദഗ്ധരുടെ പ്രത്യേക ശുപാർശകളും ഉൾപ്പെടുത്തി ഭേദഗതി വരുത്തിയ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കാട്ടുപന്നികളെ വെടിവച്ചു കൊല്ലാൻ നിലവിൽ എന്തൊക്കെ വ്യവസ്ഥകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിനുള്ള നിലവിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>1. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം കാട്ടുപന്നികളെ കൊല്ലുന്ന വേളകളിൽ മനുഷ്യജീവനും |

സ്വത്തിനും വളർത്തു മൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടം ഉണ്ടാകുന്നില്ല എന്നു ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

2. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്

.3. കൊല്ലപ്പെട്ട കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്. ഓരോ മാസവും കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെ വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനം തൊട്ടടുത്ത റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

4. ജനജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും ജഡം യഥാവിധി സംസ്കരിക്കുന്നതിലും മേൽ പ്രസ്താവിച്ച അധികാരസ്ഥാനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

5. മേൽപ്രകാരം ജനവാസ മേഖലകളിൽ മനുഷ്യജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ്ലൈഫ് വാർഡനോ അധികാരപ്പെട്ട ഉദ്യോഗസ്ഥനോ അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിനോ അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിനോ അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് നൽകാവുന്നതാണ്. മനുഷ്യജീവനും മറ്റ് വന്യജീവികൾ, വളർത്തുമൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി വിഷപ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്കേല്പിക്കൽ എന്നിവ ഒഴികെയുള്ള മറ്റ് രീതികളിൽ ഇത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാവുന്നതാണ്.

6. ബന്ധപ്പെട്ട ഉത്തരവുകളിൽ പരാമർശിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നുവെന്ന് അനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| | | | 7. കാട്ടുപന്നികളുടെ ജഡം യഥാവിധി സംസ്കരിക്കുന്നതിന്റെ വീഡിയോ, ഫോട്ടോ എന്നിവ എടുത്ത് സൂക്ഷിക്കുന്നത് ഉചിതമായിരിക്കും.<br><br>8. ഇത് സംബന്ധമായി തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്റർ ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം പരിശോധനകൾക്കായി ഹാജരാക്കേണ്ടതാണ്. |
| (സി) | കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | കാട്ടു പന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കണമെന്ന ശുപാർശ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ആയത് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 62 പ്രകാരം കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുവാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ